# കൃഷി വിജ്ഞാന കേന്ദ്രം തൃശ്ശൂർ

കേരള കാർഷിക സർവ്വകലാശാല

# "സങ്കൽപ് സേ സിദ്ധി"

## (നേട്ടത്തിനുള്ള ദൃഢനിശ്ചയം)

സുഹൃത്തേ,

കർഷക ക്ഷേമത്തിലൂന്നിയ ഗുണപരമായ പ്രവർത്തനങ്ങളിലൂടെ ഇന്ത്യയെ പുനഃസൃഷ്ടിക്കുക എന്ന ആശയം മുന്നിൽ കണ്ട് വിഭാവനം ചെയ്തിട്ടുള്ള പരിപാടിയാണ് 'സങ്കൽപ് സേ സിദ്ധി'. ദാരിദ്ര്യം, അഴിമതി, ഭീകര വാദം, വിഭാഗീയത, വർഗ്ഗീയത, മാലിന്യം എന്നിവയിൽ നിന്നുള്ള മോചനത്തിലൂടെ ഒരു പുതിയ ഇന്ത്യയെ നിർമ്മിക്കുക എന്ന ലക്ഷ്യത്തിനു വേണ്ടിയും നാടിന്റെ നട്ടെല്ലായ കർഷകരുടെ വരുമാനം 2022 നോടുകൂടി ഇരട്ടിയാക്കുന്നതിനും വേണ്ടിയുള്ള വിവിധ കർമ്മ പദ്ധതികളാണ് ഇതിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഈ പ്രവർത്തന ങ്ങൾക്ക് പിന്തുണ പ്രഖ്യാപിക്കുന്ന പ്രതി ജ്ഞയെടുക്കലും കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ 2017 – 18 വർഷത്തെ കൃഷിയിട പരീക്ഷണങ്ങളുടെയും മുൻ നിര പ്രദർശനങ്ങളുടെയും പ്രവർത്തനോൽഘാടനവും 20.08.2017 നു പഴയന്നൂരിൽ വെച്ച് നടത്തുന്നു. ബഹു. ചേലക്കര എം. എൽ. എ. ശ്രീ. യു. ആർ. പ്രദീപ് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ബഹു. ആലത്തൂർ എം. പി. ഡോ. പി. കെ. ബിജു ഈ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നു. കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന മേധാവി ഡോ. ജിജു പി. അലക്സ് മുഖ്യപ്രഭാഷണം നടത്തുന്നു. പ്രസ്തുത ചടങ്ങിലേക്ക് താങ്കളുടെ സാന്നിദ്ധ്യം സാദരം ക്ഷണിക്കുന്നു.

**ഡോ. എ. പ്രേമ**
പ്രോഗ്രാം കോർഡിനേറ്റർ
കൃഷി വിജ്ഞാന കേന്ദ്രം, തൃശൂർ

16.08.2017